**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 634 | 08.03.2012 - ൽ മറുപടിക്ക് |
|---|---|

**മരുന്നുവില നിയന്ത്രണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനുളള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; | എ | മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. എന്നാൽ സർക്കാർ ആശുപത്രികളിൽ സൗജന്യമായും നീതി/മാവേലി മെഡിക്കൽ സ്റ്റോറുകൾ മുഖേന ന്യായവിലയ്ക്കും മരുന്നു വിതരണം ചെയ്യുന്നതിനുളള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| ബി | സംസ്ഥാനത്ത് ഒരേയിനം മരുന്നുകളുടെ വിലയിൽ വൻ വ്യത്യാസമുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി & സി | രാജ്യത്ത് 74 ഇനം മരുന്നുകളുടെ വില മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) നിശ്ചയിച്ചുറപ്പിട്ടുളളത്. ഇതിൽപ്പെടാത്ത മരുന്നുകളാണ് നിർമ്മാതാക്കൾ പല വിലയ്ക്ക് വിൽക്കുന്നത്, ഇവ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലാണ് മരുന്നുകളുടെ വില നിയന്ത്രണം. |
| സി | ഇത് നിർത്തലാക്കുവാൻ സ്വീകരിച്ച നടപടി എന്താണ്; | | |
| ഡി | പല മരുന്നുകളും രണ്ടര ഇരട്ടി ലാഭത്തിലാണ് വിൽക്കുന്നതെന്നതിനാൽ ഇതിന് അറുതി വരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഡി | NPPA യുടെ വില നിയന്ത്രണത്തിൽ ഉൾപ്പെടാത്ത മരുന്നുകളാണ് വൻവിലയ്ക്ക് വിൽക്കപ്പെടുന്നത്. കേന്ദ്ര സർക്കാരിന്റെ പുതിയ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി പ്രകാരം കൂടുതൽ മരുന്നുകൾ വില നിയന്ത്രണത്തിൽ വരുന്നതോടെ അമിത ലാഭമെടുത്ത് മരുന്നുകൾ വിൽക്കുന്ന പ്രവണത അവസാനിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ